പതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 1743 04/10/2016 -ൽ മറുപടിയ്ക്ക്

ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ്

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | ശ്രീ.ആർ. രാമചന്ദ്രൻ | | ശ്രീ. കടകംപള്ളി സുരേന്ദ്രൻ,<br>ബഹു. ഊർജ്ജവും ദേവസ്വവും<br>വകുപ്പു മന്ത്രി. |
| എ) | ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡിന്റെ ചുമതലകൾ എന്തെല്ലാമാണെന്ന് വിശദീകരിക്കാമോ; | എ) | കേരളത്തിലെ അഞ്ചു ദേവസ്വം ബോർഡുകളിലെ പരമ്പരാഗത തസ്തികകളും എയിഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ തസ്തികകളും ഒഴികെ ദേവസ്വം ബോർഡുകൾ നേരിട്ട് നിയമനം നടത്തുന്ന എല്ലാ തസ്തികകളിലേയ്ക്കുമുള്ള നിയമനങ്ങൾക്കുവേണ്ടിയാണ് കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് രൂപീകരിച്ചത്. |
| ബി) | ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡിൽ നിലവിൽ എത്ര അംഗങ്ങളുണ്ട്; ആരെല്ലാം; | ബി) | നിലവിൽ 6 അംഗങ്ങൾ.<br>1) ശ്രീ. പി. ചന്ദ്രശേഖരൻ ഐ.പി.എസ്. (റിട്ടേയർഡ്), ചെയർമാൻ<br>2) ശ്രീ. എൻ. പരമേശ്വരകുമാർ, മെമ്പർ<br>3) ശ്രീമതി. ആശ സി.ജി., മെമ്പർ<br>4) ശ്രീ. എച്ച്. ഗണേശ്, മെമ്പർ<br>5) ശ്രീമതി. രുഗ്മിണി ഭാസ്കരൻ, മെമ്പർ<br>6) ശ്രീ. റ്റി.വി. അനിൽ, മെമ്പർ |
| സി) | ഈ സ്ഥാപനത്തിന്റെ എസ്റ്റാബ്ലിഷ്മെന്റ് ചെലവുകൾക്കായി ഏത് സ്രോതസ്സിൽ നിന്നാണ് പണം ശേഖരിക്കുന്നത്; | സി) | സർക്കാർ ഖജനാവിൽ നിന്നാണ് വഹിക്കുന്നത്. |
| ഡി) | സർക്കാർ അക്കൗണ്ടിൽ നിന്ന് ഇതിന്റെ പ്രവർത്തനങ്ങൾക്ക് പണം ചെലവഴിക്കുന്നുണ്ടോ; വിശദമാക്കുമോ? | ഡി) | ഉണ്ട്. 2250-102-98-31-സഹായധനം-ശമ്പളം, 2250-102-98-36-സഹായധനം-ശമ്പളേതരം എന്നീ ശീർഷകങ്ങളിൽ പണം അനുവദിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ